15 -ാം കേരള നിയമസഭ

12 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1458 — 10-10-2024 - ൽ മറുപടിയ്ക്ക്

## പൊതു ആവശ്യങ്ങൾക്കായി വിട്ടു നൽകുന്ന ഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലെ വിവിധ ആവശ്യങ്ങൾക്കായി വ്യക്തികൾ ഭൂമി വിട്ടു നൽകുമ്പോൾ പ്രസ്തുത ഭൂമി വിവിധ വകുപ്പുകളുടെ ആസ്തിയിലേക്ക് ഉൾപ്പെടുത്തിയും ഇപ്രകാരം റീലിങ്ക്വിഷ് ചെയ്യുന്ന ഭൂമി ഗവർണറുടെ പേരിലുള്ള തണ്ടപ്പേരിലേക്ക് മാറ്റിയും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരള റിലിങ്ക്വിഷ്മെന്റ് ആക്ട് 1958 പ്രകാരം വ്യക്തികൾ ഭൂമി വിട്ടൊഴിഞ്ഞ് നൽകേണ്ടത് സംസ്ഥാന സർക്കാരിന്റെ പേർക്കാണ്. ഇപ്രകാരം വിട്ടൊഴിഞ്ഞ് ലഭിക്കുന്ന ഭൂമി പുറമ്പോക്കാക്കി മാറ്റി മറ്റ് വകുപ്പുകളുടെ ആവശ്യത്തിന് റവന്യൂ വകുപ്പ് ഉപയോഗാനുമതി നൽകും. |
| (ബി) | പൊതു കിണറുകൾ, റോഡുകൾ, ആതുരാലയങ്ങൾ, അംഗൻവാടികൾ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി വിട്ടു നൽകപ്പെടുന്ന ഇപ്രകാരമുള്ള ഭൂമി ഇപ്പോഴും സർക്കാരിന്റെ ഉടമസ്ഥതയിൽ തന്നെയാണോ ഉള്ളതെന്ന് പരിശോധിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പൊതു കിണറുകൾ, റോഡുകൾ, ആതുരാലയങ്ങൾ, അംഗൻവാടികൾ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി വിട്ടു നൽകപ്പെടുന്ന ഭൂമികളുടെ സംരക്ഷണ ചുമതല അതാത് വകുപ്പിൽ നിക്ഷിപ്തമാണ്. സർക്കാർ ഭൂമികളിൽ അനധികൃത കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം കയ്യേറ്റക്കാർക്കെതിരെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി തിരികെ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇപ്രകാരമുള്ള ഭൂമി സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ കയ്യേറി അവരുടെ കൈവശം വയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, വയനാട്, ആലപ്പുഴ എന്നീ ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം സർക്കാരിലേക്ക് വിട്ടൊഴിഞ്ഞ ഭൂമി സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ കയ്യേറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. സർക്കാരിലേക്ക് വിട്ടൊഴിഞ്ഞ ഭൂമി സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ കയ്യേറി അവരുടെ കൈവശം വയ്ക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം, കേരള ഭൂസംരക്ഷണ നിയമ പ്രകാരം തുടർനടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| (ഡി) | ഭൂമി എന്ത് ആവശ്യത്തിനാണോ വിട്ട് നൽകിയിട്ടുള്ളത് അപ്രകാരമുള്ള ആവശ്യത്തിന് വിനിയോഗിക്കാതെ വന്നാൽ പ്രസ്തുത ഭൂമി | (ഡി) | ഭൂമി നിരുപാധികമായിരിക്കണം വിട്ടു നൽകേണ്ടത് എന്നാണ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് (Sec 2b). ഒരിക്കൽ വിട്ടു നൽകിയ ഭൂമി വിട്ടുനൽകിയ വ്യക്തിക്ക് |

| | | | |
|---|---|---|---|
| | വിട്ടുനൽകിയ വ്യക്തികൾക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | തിരികെ നൽകുന്നതിന് 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമത്തിൽ വ്യവസ്ഥയില്ലാത്തതാണ്. |
| (ഇ) | സർക്കാരിലേക്ക് ഇപ്രകാരം വിട്ടു നൽകപ്പെട്ടിട്ടുള്ള ഭൂമിയുടെ സർവ്വേ നമ്പർ, വിസ്തീർണം, വിട്ടു നൽകിയ ആൾ, വിട്ടു നൽകപ്പെട്ട ഉദ്ദേശം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ വിശദമായ ഒരു ലിസ്റ്റ് വില്ലേജ് തലത്തിൽ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സർക്കാരിലേക്ക് വിട്ടു നൽകിയ ഭൂമിയുടെ വിവരങ്ങൾ വില്ലേജിലെ ഒമ്പതാം നമ്പർ രജിസ്റ്ററിലും പുറമ്പോക്ക് രജിസ്റ്ററിലും ചേർത്ത് സൂക്ഷിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ